# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.93/23/EST-B

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
26/09/2023

## എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും

വിഷയം:- കൊല്ലവർഷം 1199 എം.ഇ മണ്ഡലം - മകരവിളക്ക് മഹോത്സവം - സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്നത് സംബന്ധിച്ച്.

സൂചന:- ബഹു:ഹൈക്കോടതിയിലെ എസ്.എസ്.സി.ആർ 02/2022 നമ്പർ കേസിന്മേൽ 16/02/2022-ൽ ഉണ്ടായ വിധിന്യായം.

ശബരിമല ദേവസ്വം കൊല്ലവർഷം 1199 മണ്ഡലം - മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് വിവിധ ഡ്യൂട്ടി പോയിന്റുകളിലേയ്ക്ക് ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്നതിന് താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ വിഭാഗം ജീവനക്കാരുടേയും വിവരമടങ്ങിയ ലിസ്റ്റ് തയ്യാറാക്കി 30/09/2023-നകം വേർഡ്ഫയൽ സഹിതം ഈ ആഫീസിലെ ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. (dcotdb@gmail.com).

സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്നതിലേയ്ക്ക് ജീവനക്കാരുടെ ലിസ്റ്റ് തയ്യാറാക്കുന്ന അവസരത്തിൽ ഗുരുതര ആരോഗ്യപ്രശ്നമുണ്ടെന്ന് ബോധ്യമുള്ള ജീവനക്കാരെ പരമാവധി ഒഴിവാക്കേണ്ടതും കഴിഞ്ഞ രണ്ട് വർഷങ്ങളിലായി സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് നിയോഗിക്കാത്ത ജീവനക്കാരെ കൂടി ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുമാണ്. പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ജോലി നോക്കാൻ താത്പര്യമുള്ള വനിതാ ജീവനക്കാരുടെ ലിസ്റ്റും ഇതോടൊപ്പം ചേർത്ത് അയയ്ക്കേണ്ടതാണ്. ബഹു:ഹൈക്കോടതി ഉത്തരവ് പ്രകാരം നടപടിക്രമങ്ങൾ മുൻകൂട്ടി പൂർത്തിയാക്കേണ്ടതുള്ളതിനാൽ താങ്കൾ വ്യക്തിപരമായ ശ്രദ്ധ ചെലുത്തി 30/09/2023-ന് മുമ്പായി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. ഐ.റ്റി സെക്ഷൻ, ദേവസ്വം കമ്മീഷണർ ആഫീസ്
3. സെക്ഷൻ ഫയൽ

AR.26/09